നാഷണൽ ഹൈവേ 47 നാലുവരിപ്പാതയാക്കുന്നത് സംബന്ധിച്ച്

38 [3019] *ശ്രീ. തോമസ് ചാഴികാടൻ:*

„ *റോഷി അഗസ്റ്റിൻ:*

„ *കെ. നാരായണക്കുറുപ്പ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേ 47 നാലുവരിപ്പാതയാക്കാൻ സർക്കാരിന് ഉദ്ദേശമുണ്ടോ;

(ബി) ഇത് സംബന്ധിച്ച് വിശദമായ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(സി) ഇതിന് ഭൂമി ലഭ്യമാക്കിയിട്ടുണ്ടോ;

(ഡി) പാത വികസനത്തിന് എത്ര കോടി രൂപയാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം അറിയിക്കാമോ?

ഉത്തരം

(എ) നാഷണൽ ഹൈവേ 47 നാലുവരിപ്പാതയാക്കുവാൻ കേന്ദ്രസർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.

(ബി) എൻ. എച്ച്. 47 നാലുവരിപാതയാക്കുവാൻ ഒരു സാധ്യതാപഠനം നടത്തി റിപ്പോർട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(സി) എൻ.എച്ച്. 47 നാലുവരിപാതയ്ക്ക് ഭൂമി ലഭ്യമാണ്.

(ഡി) പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ സാധ്യതാപഠന റിപ്പോർട്ട് അനുസരിച്ച് 1225 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. കേന്ദ്ര സർക്കാർ ഇതിലേക്കായി 900 കോടി രൂപയുടെ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

നാലുവരി പാതയാക്കി മാറ്റാനുള്ള പദ്ധതി

39 [3020] *ശ്രീ. കെ. പി. രാജേന്ദ്രൻ:*

„ *ബിനോയ് വിശ്വം:*

„ *എം. കുമാരൻ:*

„ *പി. എസ്. സുപാൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പാതകളുടെ വികസനത്തിനായി കേന്ദ്ര സർക്കാർ ഏറ്റെടുത്തിട്ടുള്ള സംസ്ഥാനത്തിലുള്ള പാതകളേതൊക്കെയാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ചേർത്തല-തിരുവനന്തപുരം ദേശീയപാത നാലുവരിപാതയാക്കാനുള്ള അനുമതി കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ചിട്ടുണ്ടോ;

(സി) നാലുവരി പാതയാക്കാനുള്ള പദ്ധതികൾക്കായി കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കുന്ന സഹായമെത്രയാണ്;

(ഡി) സംസ്ഥാനത്തുള്ള എല്ലാ ദേശീയപാതകളും നാലുവരി പാതയാക്കി മാറ്റാനുള്ള പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) ദേശീയ പാതകളെല്ലാം നാലുവരിപാതയായി ഉയർത്തിക്കഴിഞ്ഞാൽ നിർദ്ദിഷ്ട എക്സ്പ്രസ് ഹൈവേ പദ്ധതി നിർദ്ദേശം ഉപേക്ഷിക്കുമോ?

ഉത്തരം

(എ) താഴെപ്പറയുന്ന ദേശീയപാതകൾ നാലുവരിപാതയായി വികസിപ്പിക്കുവാൻ കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. എൻ.എച്ച്. 47 ചേർത്തല-തിരുവനന്തപുരം, എൻ.എച്ച്. 17 ഇടപ്പള്ളി-കോഴിക്കോട്-മംഗലാപുരം.

(ബി) ഉണ്ട്.

(സി) എൻ.എച്ച്. 47-ഉം (ചേർത്തല-തിരുവനന്തപുരം), എൻ.എച്ച്. 17-ഉം (ഇടപ്പള്ളി-കോഴിക്കോട്-മംഗലാപുരം) നാലുവരിപ്പാതയായി വികസിപ്പിക്കുവാൻ 2950 കോടി രൂപയുടെ പദ്ധതിക്ക് കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

(ഡി) ഐ.ആർ.സി. നിഷ്ക്കർഷിച്ചിട്ടുള്ളതനുസരിച്ച് നാലുവരിപാതയ്ക്ക് പി.സി.യു. 35,000 യൂണിറ്റ് ആവശ്യമാണ്. മറ്റു ദേശീയ പാതകളിൽ ചില സ്ഥലങ്ങളിൽ മാത്രമാണ് ടി പി.സി.യു. നിലവിലുള്ളത്. ട്രാഫിക് വർദ്ധനയ്ക്കനുസരിച്ച് ട്രാഫിക് സർവ്വെ നടത്തി പൂർണ്ണമായും പി.സി.യു. 35,000-ന് മുകളിൽ വരികയാണെങ്കിൽ നാലു വരിപാതയാക്കുവാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ഇ) എക്സ്പ്രസ് ഹൈവേയുടെ പ്രയോജനവും നാഷണൽ ഹൈവേയുടെ പ്രയോജനവും വിഭിന്നമാണ്.

സ്റ്റേറ്റ് ഹൈവേ 38-ൽ പുതിയ ബൈപ്പാസ്

40 [3021] *ശ്രീ. എ. സി. ഷൺമുഖദാസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ഹൈവേ 38-ൽപ്പെട്ട പുതിയങ്ങാടി, ഉള്ളിയേരി റോഡിൽ എരഞ്ഞിക്കലിൽ പുതിയ ബൈപ്പാസ് പണിതതിനെ തുടർന്ന് കോഴിക്കോട്ടേക്കുള്ള വാഹനങ്ങൾ പഴയ റോഡിലൂടെയാണ് പോകുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly